(ഡി) യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന പരിപാടികളിൽ കോളേജുകളിലെ എൻ.എസ്.എസ്., എൻ.സി.സി. യൂണിറ്റുകളെ പങ്കെടുപ്പിക്കുന്നുണ്ട്. കൂടാതെ യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന യുവജന ക്ലബ്ബുകൾക്കായി കാർഷിക/ബോധവൽക്കരണ/സ്വയം തൊഴിൽ മേഖലയിൽ സാമ്പത്തിക സഹായം നൽകി വരുന്നു. കേരള സംസ്ഥാന എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥകൾ, കൃഷി, വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കാർഷിക സാക്ഷരത, വ്യവസായ വകുപ്പുമായി ചേർന്ന് സംരംഭകത്വവികസന പരിശീലന പരിപാടി, തൊഴിൽ - പുനരധിവാസവകുപ്പുമായി ചേർന്ന് PSC/IBPS സൗജന്യ പരീക്ഷാ പരിശീലനം, സി-ഡിറ്റുമായി ചേർന്ന് പി.എസ്.സി. ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനം തുടങ്ങിയവ നടപ്പിലാക്കി വരുന്നു. കൂടാതെ യുവാക്കൾക്കിടയിൽ ദേശീയബോധവും ദേശസ്നേഹവും വളർത്തുന്നതിലേയ്ക്കായി ദേശീയോദ്ഗ്രഥന ക്യാമ്പ്, തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കേരളോൽസവം, പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് ട്രൈബൽ ഫെസ്റ്റുകൾ, ടൂറിസം വകുപ്പുമായി ചേർന്ന് സാഹസിക പരിശീലന പരിപാടികൾ, വനം വകുപ്പ് - എൻ.എസ്.എസ്. മായി ചേർന്ന് പരിസ്ഥിതി ദിനാചരണ പരിപാടികൾ, കേരള ഫോക് ലോർ അക്കാദമിയുമായി ചേർന്ന് നാടൻ കലാമേളകൾ, ഐ.ആർ.സി.റ്റി.സി.-യുമായി ചേർന്ന് ഭാരത ദർശൻ യാത്രകൾ, എൻ.എസ്.എസ്.-മായി ചേർന്ന് ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പുകൾ, നോർക്ക റൂട്സുമായി ചേർന്ന് പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, എൻ.എസ്.എസ്. മായി ചേർന്ന് പുനർജനി, കൂടാതെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സ്വന്തം നിലയിൽ ജീവദായിനി, യുവ മാധ്യമ ശിൽപശാല, ചിത്രരചനാ ക്യാമ്പ്, സാഹിത്യ ക്യാമ്പ്, വനിതാ ശിൽപശാല, ചലച്ചിത്ര ശിൽപശാല, നാടക കളരി, സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം, യുവ നേതൃത്വ പരിശീലന ക്യാമ്പ്, യുവജന ദിനാചരണം, പരിസ്ഥിതി ദിനാചരണം എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

യൂത്ത് റിസോഴ്സ് സെന്ററുകൾ

338 (689) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് ലഭിക്കുന്ന കേന്ദ്രസഹായം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതിയുമായി സഹകരിക്കാനുദ്ദേശിക്കുന്നത് ആരെല്ലാമാണെന്ന് വിശദമാക്കാമോ ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്ന കാര്യം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പരിഗണിച്ചിരുന്നു. എന്നാൽ അത് പ്രായോഗികമല്ലെന്നു കണ്ടതിനാൽ തീരുമാനം റദ്ദ് ചെയ്തു.

(ബി-ഡി) ബാധകമല്ല.

യുവജന നയം

339 (690) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) യുവജനക്ഷേമത്തിനായി പ്രസ്തുത നയത്തിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) യുവജനനയം നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013 മാർച്ച് 4-ാം തീയതി യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ട്. യുവജനങ്ങളുടെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക കായിക മാനസിക വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുക, യുവജനങ്ങളെ നാടിന്റെ മുഖ്യസ്വത്തായി കണ്ടുകൊണ്ട് അവരുടെ വിഭവശേഷിയിലും വളർച്ചയിലും

LIBRARY ARCHIVES Kerala Legislative Assembly